കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചമ്പക്കുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.1-1130/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി. 11.09.2017

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചമ്പക്കുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചമ്പക്കുളം ഗ്രാമ പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചമ്പക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.1-1130/2017 തീയതി:11.09.2017

# ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2016 മുതൽ 06.08 2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 10 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.08.2017 മുതൽ 19.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രാജശ്രീ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പ്രീത, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ജോർജ്ജ് മാത്യു പഞ്ഞിമറ്റം | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ടി.എസ്.എസ്. നാഗരാജ് | 01.04.2016 മുതൽ 31.05.2016 വരെ |
| | സാജുമോൻ പത്രോസ് (ഇൻചാർജ്ജ്) | 01.06.2016 മുതൽ 16.08.2016 FN വരെ |
| | ജോൺ .പി.ജോസഫ് (ഇൻചാർജ്ജ്) | 16.08.2016 AN മുതൽ 15.11.2016 വരെ |
| | ആഷ് ലി നായർ | 16.11.2016 മുതൽ 31.3.2017 വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |

| | | |
|---|---|---|
| വി.ഇ.ഒ, തെക്കേക്കര | സു മ . പി | 01.04.2016 മുതൽ<br>31.03.2017 വരെ |
| വി.ഇ.ഒ, ചമ്പക്കുളം | കെ.ബി. അജയകുമാർ | 01.04.2016 മുതൽ<br>31.03.2017 വരെ |
| വെറ്ററിനറി സർജൻ. | ഡോ. റാണി ഗോപിനാഥ് | 01.04.2016 മുതൽ<br>31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സെൽമാബീവി | 01.04.2016 മുതൽ<br>31.03.2017 വരെ |
| കൃഷി ഓഫീസർ | ആനി മാത്യു | 01.04.2016 മുതൽ<br>31.03.2017 വരെ |
| എം.ഒ, സി.എച്ച്.സി | ഡോ. ജയലക്ഷ്മി | 01.04.2016 മുതൽ<br>31.03.2017 വരെ |
| എം.ഒ, ആയുർവ്വേദം | ഡോ ചിന്നദുരൈ | 01.04.2016 മുതൽ<br>31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ. സ്മിത എം നായർ | 01.04.2016 മുതൽ<br>31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | സാജുമോൻ പത്രോസ് | 01.04.2016 മുതൽ<br>16.08.2016 FN വരെ |
| | ജോൺ .പി.ജോസഫ് | 16.08.2016 AN മുതൽ<br>31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ദേവിരാമചന്ദ്രൻ | 01.04.2016 മുതൽ<br>10.07.2016 വരെ |
| | ബിന്ദുമോൾ. കെ.കെ | 11.07.2016 മുതൽ<br>31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഗിരിജ ദേവി.എസ് | 01.04.2016 മുതൽ<br>31.03.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1മുതൽ 1-11 വരെ | പൊതുഅവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | റിസോർട്ട്--കാന്റീൻ--അനധികൃത നിർമ്മാണം--അസ്സസ്സ് ചെയ്തില്ല. നഷ്ടം-10987/- |
| 3 | 2-2 | ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടം--പുതിയ കെട്ടിടമായി അസസ്സ് ചെയ്തില്ല--പഞ്ചായത്തിന് നഷ്ടം |
| 4 | 2-3 | മൊബൈൽടവർ--വസ്തു നികുതി അടയ്ക്കുന്നില്ല |
| 5 | 2-4 | എ.റ്റി.എം.സെന്ററുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല |

| | | |
|---|---|---|
| 6 | 2-5 | കെട്ടിട വിസ്തീർണ്ണം അസ്സസ്സ് ചെയ്തത് കുറവ്-- പഞ്ചായത്തിന് നഷ്ടം--1251/-രൂപ |
| 7 | 2-6 | വസ്തു നികുതി ചട്ടങ്ങൾ--റിസോർട്ടുകൾ, ഹോംസ്റ്റേ --അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ്/ഇളവ് -ജലഗതാഗതം കൂടി മാനദണ്ഡമാക്കാവുന്നതാണ്--സർക്കാരിന് ശുപാർശ ചെയ്യുന്നു |
| 8 | 2-7 | തൊഴിൽ നികുതി, സ്ഥാപന നികുതി --ഈടാക്കിയില്ല |
| 9 | 2-8 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്--നഷ്ടം-300/- |
| 10 | 2-9 | ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| ഭാഗം – 3 | | |
| 11 | 3-1 | പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം -ഉപേക്ഷിച്ചു- സ്ട്രക്ചറൽ ഡിസൈനിംഗിന് ചെലവഴിച്ച 57500/- രൂപ നഷ്ടം |
| 12 | 3-2 | പശ്ചാത്തല മേഖലയിൽ പ്രോജക്ടുകളുടെ ചെലവ് 9.87% മാത്രം |
| 13 | 3-3 | നെൽവിത്ത് വിതരണം- പാടശേഖരസമിതികൾക്ക് അർഹമായതിലും അധികം നൽകി |
| 14 | 3-4 | പച്ചക്കറി കൃഷി (വനിത) - കൂലിച്ചെലവ് സബ്സിഡി അർഹമായതിലും അധികം നൽകി |
| 15 | 3-5 | നൽകിയ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല |
| 16 | 3-6 | ആശ്രയ പദ്ധതി ഫലപ്രദമാകുന്നില്ല |
| 17 | 3-7 | പൈപ്പ് ലൈൻ നീട്ടൽ പദ്ധതി--വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 18 | 3-8 | വി.ഇ.ഒ യുടെ അക്കൗണ്ടിൽ 24397/-രൂപ ശേഷിക്കുന്നു |
| 19 | 3-9 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ്-ഓർഡിനറി ബൾബുകളുടെ പേരിൽ അധികതുക നൽകുന്നു |
| ഭാഗം – 4 | | |
| 20 | 4-1മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 04-03-16 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് | 81001000 | 80421000 |
| അക്കൗണ്ട്സ് പ്രകാരം( R&P a/c) | 2723613 | 27551037 |

DBT മുഖാന്തിരം സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്ത തുകയും, തൊഴിലുറപ്പ് പദ്ധതികൾക്കായി EFMS മുഖാന്തിരം ചെലവഴിച്ച തുകയും ഉൾപ്പെട്ടാൽപ്പോലും യഥാർത്ഥ വരവും ചെലവും ബജറ്റ് പ്രകാരവുമുള്ള വരവു ചെലവുമായി പൊരുത്തപ്പെടുന്നില്ല. അതിനാൽ യാഥാർത്ഥ്യമുൾക്കൊണ്ട് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2. വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം *1* ആയി ചേർത്തിട്ടുണ്ട്.

## 1-3. ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ വരവ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8336510 | 7078100 | 84.9 |
| വികസനഫണ്ട് എസ്.സി.പി. | 2310576 | 2042008 | 88.37 |
| വികസനഫണ്ട് ടി.എസ്.പി. | ഇല്ല | ഇല്ല | - |
| സംരക്ഷണഗ്രാന്റ് റോഡ് | 2088951 | 418088 | 20.01 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2913741 | 765103 | 26.25 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4675444 | 1385264 | 29.62 |
| പെർഫോമൻസ് ഗ്രാന്റ് | 1329049 | --- | |
| എ.എൻ.ആർ.ഇ.ജി.എസ്. | 15569088 | 15535109 | 99.78 |
| ബി ഫണ്ട് | 27326525 | 27326525 | 100 |

## 1-4.പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 25615165 | 52 | 11688557 | 75 | 8 | 38.51 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)17/17, 2)47/17, 3)6/17, 4)122/17, 5)22/17, 6)46/17, 7)139/17, 8)118/17

## 1-5. തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3634331 | 43,44250 | 709919 | 20 |
| നികുതിയേതര വരവുകൾ | 901301 | 277568 | (-)623733 | (-) 69 |
| മറ്റുവരവുകൾ | 189765 | 194885 | 5120 | 3 |
| ആകെ | 4725397 | 515895 | 91306 | 2 |

## 1-8. ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഭാഗമായി 2576 ഗുണഭോക്താക്കൾക്കായി 4,29,90,745/- രൂപ വിതരണം ചെയ്തു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 187680 | 130 |
| കർഷകതൊഴിലാളി പെൻഷൻ | 8916810 | 1047 |

| | | |
|---|---|---|
| വിധവാപെൻഷൻ | 3940485 | 390 |
| വാർദ്ധക്യകാലപെൻഷൻ | 12018605 | 802 |
| വികലാംഗപെൻഷൻ | 1777165 | 202 |
| വിവാഹധനസഹായം | 150000 | 5 |
| ആകെ | 4,29,90,745 | 2576 |

## 1-9. ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-08-17 - ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1463/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10. ആഭ്യന്തരനിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ 2010-11വരെയുള്ളത് മാത്രമാണുള്ളത്. രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുപോരുന്നു. വസ്തു നികുതി ഏറക്കുറെ പൂർണമായും സഞ്ചയ സോഫ്റ്റ് വെയറിലാക്കിയിട്ടുണ്ട്. മേൽ നോട്ടം ഫ്രണ്ട് ഓഫീസ് സംവിധാനം എന്നിവ ശരിയായി പ്രവർത്തിക്കുന്നു. പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിച്ച് വരുന്നതു കൂടാതെ ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. വിവിധ പെൻഷനുകളുമായി ബന്ധപ്പെട്ട *37* അപേക്ഷകൾ തീർപ്പാക്കുന്നതിന് അന്വേഷണറിപ്പോർട്ടിനായി സമർപ്പിച്ചിരിക്കുന്നു.

## 1-11. മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.07.17 | 01.06.17 – 30.06.17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.04.16 | 2014/15 | 04.05.16 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 റിസോർട്ട്--കാന്റീൻ–-അനധികൃത നിർമ്മാണം--അസ്സസ്സ് ചെയ്തില്ല. നഷ്ടം- 10987/-

പോൾഫ്രാൻസിസ് കാഞ്ഞൂപ്പറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാർഡ് 1 ലെ റിസോർട്ട് 4 എണ്ണം (പാം ഡെയിൽ) അസ്സസ്സ് ചെയ്തിട്ടുണ്ട് (I/253 A മുതൽ D വരെ). എന്നാൽ നേരിട്ടുള്ള പരിശോധനയിൽ ഇലക്ട്രിക്കൽ റൂം, 73.25 $m^2$ വിസ്തീർണമുള്ള കാന്റീൻ എന്നിവ അസ്സസ്സ് ചെയ്തിട്ടില്ല എന്ന് കാണുന്നു. കാന്റീൻ അനധികൃത നിർമ്മാണം ആയതിനാൽ നമ്പർ നല്കിയില്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അനധികൃത നിർമ്മാണത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA അനുസരിച്ചുള്ള നികുതി ഈടാക്കണം എന്നിരിക്കെ കാന്റീന് U/A നമ്പർ നൽകി അസ്സസ്സ് ചെയ്യാത്തതും ഇലക്ട്രിക്കൽ റൂമിന്റെ നികുതി അസ്സസ്സ് ചെയ്യാത്തതും പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാക്കി. 73.25 $m^2$ അനധികൃത നിർമ്മാണത്തിന് 10987.5/-രൂപ (73.25 x 50 x 3) നികുതി അടിയന്തിരമായി ഈടാക്കുകയോ ചട്ടങ്ങൾ പാലിക്കാത്ത നിർമ്മാണം പൊളിച്ച് കളയുകയോ ചെയ്യേണ്ടതാണ്. ഇലക്ട്രിക്കൽ റൂമിന്റെ കെട്ടിടം അസ്സസ്സ് ചെയ്ത് നികുതി ഈടാക്കാത്തതും സെക്ഷൻ ക്ലർക്ക്, സെക്രട്ടറി എന്നിവരുടെ ബാധ്യതയാണ്.

## 2-2 ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടം--പുതിയ കെട്ടിടമായി അസസ്സ് ചെയ്തില്ല--പഞ്ചായത്തിന് നഷ്ടം

ജോർജ് വർഗ്ഗീസ് അട്ടിച്ചിറയുടെ ഉടമസ്ഥതയിലുള്ള (വാർഡ് 6 ) VI/227 നമ്പറിലുള്ള 40m$^2$ ഉണ്ടായിരുന്ന പഴയ കെട്ടിടം പുതുക്കി 97.86m$^2$ ഉള്ള വീട് നിർമ്മിച്ചതിന് (VI/212) പുതുതായി ചേർത്ത57.86m$^2$ വിസ്തീർണ്ണത്തിന്റെ ആനുപാതിക നികുതിയാണ് ഈടാക്കിയിരിക്കുന്നത്. 40M$^2$ന്റെ പഴയ നികുതി 39/- രൂപയും ഈടാക്കുന്നുണ്ട്. എന്നാൽ 2മുറി, അടുക്കള, ഓട് മേൽക്കൂര, സിമന്റ് തറ എന്നിവ ആയിരുന്ന പഴയ കെട്ടിടം ഘടനാപരമായ മാറ്റം വരുത്തിയാണ് 4 മുറി, വാർത്ത മേൽക്കൂര, ഹാൾ, അടുക്കള എന്നിവ ആക്കിയത്. അതിനാൽ 97.86m$^2$ നും പുതിയ നിരക്കിൽ നികുതി അസ്സസ്സ് ചെയ്യേണ്ടതാണ്. അതായത്, 97.86x6=587.16, 10% ഇളവ് നല്കുമ്പോൾ നികുതി 554.45/-ആണ് വരേണ്ടത്(ലൈബ്രറി സെസ്സ് ഉൾപ്പെടെ). എന്നാൽ കൂട്ടിചേർത്ത 57.86m$^2$ ന് 352/ രൂപയും പഴയ നികുതി 39/- രൂപയുമാണ് ഈടാക്കുന്നത്. ഫോം.6 പ്രകാരം ഘടനാപരമായ മാറ്റം രേഖപ്പെടുത്തി നികുതി അസ്സസ്സ് ചെയ്ത് കാണിച്ചിട്ടുണ്ടെങ്കിലും അന്തിമമായി മേൽ പ്രസ്താവിച്ച രീതിയിലാണ് നികുതി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ നികുതി രേഖപ്പെടുത്തിയതിനാലാണ് ബാക്കി ഭാഗത്തിന് മാത്രം പുതിയ നിരക്കിൽ സോഫ്റ്റ് വെയർ മുഖേന നികുതി അസ്സസ്സ് ചെയ്ത് വന്നത്. ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടത്തെ പുതിയ കെട്ടിടം എന്ന നിലയിൽ തന്നെ മുഴുവനായി കണ്ട് അസസ്സ് ചെയ്യേണ്ടതാണ്. അപാകത പരിഹരിച്ച് നികുതി പൂർണ്ണമായി ഈടാക്കേണ്ടതാണ്.

## 2-3 മൊബൈൽടവർ--വസ്തു നികുതി അടയ്ക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 5 മൊബൈൽടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യുന്നുണ്ടെങ്കിലും കമ്പനി ഉടമകൾ / കെട്ടിടം ഉടമസ്ഥർ നികുതി അടയ്ക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽഡിംഗ്.നം. | ടവർ | വിസ്തീർണ്ണം | നഷ്ടം. |
|---|---|---|---|
| I/360 | റിലയൻസ് | 15m$^2$ | 7500 |
| III/417 | റിലയൻസ് | 12 m$^2$ | 6000 |
| VIII/324 | ഐഡിയ | 16m$^2$ | 8000 |
| XIII/306 | എയർടെൽ | 40m$^2$ | 20000 |
| XI/301 | ബി.എസ്.എൻ.എൽ | 25m$^2$ | 12500 |
| ആകെ | | | 54,000/- |

ഇത് ഒരു വർഷത്തെ മാത്രം നഷ്ടമാണ്. 2013-14 മുതൽ മേൽ പരാമർശിച്ച നിരക്കിലും 2013-14 ന് മുൻപുള്ളത് പഴയ നിരക്കിലും പിഴപലിശ ഉൾപ്പെടെ നഷ്ടം ഈടാക്കേണ്ടതാണ്.

## 2-4 എ.റ്റി.എം.സെന്ററുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എ.റ്റി.എം.സെന്ററുകളുടെ എണ്ണം, ഇവയുടെ വസ്തു നികുതി ഈടാക്കിയ വിവരം, നികുതി ഈടാക്കിയിട്ടില്ലെങ്കിൽ ഇവയെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ ഉത്തരവുകൾ എന്നിവ ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും മറുപടി ഹാജരാക്കിയില്ല. ഓഡിറ്റ് ടീം പരിശോധിച്ചതിൽ എ.സി.റോഡിൽ മാത്രം എസ്.ബി.റ്റി, ഫെഡറൽ ബാങ്ക് എന്നിവയുടെ എ.റ്റി.എം.സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല. ബാങ്കിംഗ് സ്ഥാപനം എന്ന നിലയിൽ ഇവ അസ്സസ്സ് ചെയ്ത് നികുതി ഈടാക്കേണ്ടതാണ്.

## 2-5 കെട്ടിട വിസ്തീർണ്ണം അസ്സസ്സ് ചെയ്തത് കുറവ്-- പഞ്ചായത്തിന് നഷ്ടം-- 1251/-രൂപ

എ.വി.ജോർജ്, അരയശ്ശേരിൽ, പുന്നക്കുന്നം (വാർഡ്-2) എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 335.53m$^2$

വിസ്തീർണ്ണമുള്ള ഹോട്ടലിന് (പഴയ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം) ഗ്രൗണ്ട് ഫ്ലോർ -492.83 $m^2$ എക്സ്റ്റൻഷന് വേണ്ടി 4/14 ൽ പെർമിറ്റ് എടുത്തിരുന്നു. 2014 ആദ്യപകുതിയിൽ ഘടനാപരമായ മാറ്റം വരുത്തിയ ടി കെട്ടിടം അസ്സസ്സ് ചെയ്തപ്പോൾ ആകെ 811.81 $m^2$ ന് 60/- രൂപ പ്രകാരം ലൈബ്രറി സെസ്സ് ഉൾപ്പെടെ 61374/- രൂപ അസ്സസ്സ് ചെയ്തിട്ടുണ്ട്. എന്നാൽ ഫോം 6 പ്രകാരം പഴയ കെട്ടിട വിസ്തീർണ്ണം 292.81$m^2$ ആണ് ചേർത്തിരിക്കുന്നത്. ആകെ 828.36$m^2$ വിസ്തീർണ്ണത്തിലുള്ള കെട്ടിടം (335.53$m^2$+492.83$m^2$) 60/-രൂപ പ്രകാരം അസ്സസ്സ് ചെയ്യേണ്ടതായിരുന്നു. നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിന് കുറവ് വന്നതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന്റെ വിസ്തീർണം കൃത്യമായി കണക്കാക്കി നികുതി നിർണ്ണയിക്കാത്തതു മൂലം ഗ്രാമപഞ്ചായത്തിന് താഴെപ്പറയും പ്രകാരം 1251/- രൂപയുടെ വരവു നഷ്ടമുണ്ടായിട്ടുണ്ട്.

<u>ഈടാക്കിയ നികുതി</u>

811.81 $m^2$ -811.81x60 = 48708.6

20% വർദ്ധനവ് -9741.72

ലൈബ്രറി സെസ്സ്, 5% -2923/-

ആകെ -61374/-

<u>ഈടാക്കേണ്ടത്</u>

828.36$m^2$ – 828.36*60 =49701.6

20% വർദ്ധനവ് – 9940.32

ലൈബ്രറി സെസ്സ്, 5% – 2983/-

ആകെ 62625/-

നഷ്ടം 1251/-

## 2-6 വസ്തു നികുതി ചട്ടങ്ങൾ–-റിസോർട്ടുകൾ, ഹോംസ്റ്റേ --അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ്/ഇളവ് –ജലഗതാഗതം കൂടി മാനദണ്ഡമാക്കാവുന്നതാണ്--സർക്കാരിന് ശുപാർശ ചെയ്യുന്നു

ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം, നെടുമുടി, കൈനകരി, രാമങ്കരി, വെളിയനാട്, പുളിങ്കുന്ന് തുടങ്ങിയ കുട്ടനാടൻ മേഖലയിലുള്ള പഞ്ചായത്തുകളിൽ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ധാരാളം റിസോർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം പ്രധാനമായും ജലഗതാഗതത്തെ ആശ്രയിച്ച് പ്രവർത്തിക്കുന്നവയാണ്. എന്നാൽ മിക്ക റിസോർട്ടിലേക്കുമുള്ള റോഡുകൾ വളരെ ഇടുങ്ങിയതും 3 മീറ്ററിൽ കുറവുമാണ്. പരിഷ്ക്കരിച്ച വസ്തു നികുതി ചട്ടങ്ങൾ അനുസരിച്ച് അടിസ്ഥാന വസ്തു നികുതിയിൽ 20%ഇളവ് /വർദ്ധനവ് നല്കുന്നതിന് മാനദണ്ഡമാക്കിയിരിക്കുന്നത് പ്ലോട്ടിലേക്കുള്ള റോഡ് 5 മീറ്ററിൽ കുറവ് /കൂടുതൽ എന്നുള്ളതാണ്. എന്നാൽ മേൽ പരാമർശിച്ച തരത്തിലുള്ള വൻകിട റിസോർട്ടുകൾ എല്ലാംതന്നെ 5മീറ്ററിൽ കുറവ് റോഡ് സൗകര്യം മാത്രം ഉള്ളതിനാൽ അടിസ്ഥാന വസ്തു നികുതിയിൽ 20% കുറവ് ആനുകൂല്യം ലഭിക്കുന്നവയാണ്. റോഡ് ഗതാഗതം മാനദണ്ഡമാക്കിയിരിക്കുന്നതു പോലെ തന്നെ കായൽ/നദികൾ എന്നിവയുടെ തീരത്ത് സ്ഥിതി ചെയ്യുന്നതും പ്രധാന ഗതാഗത മാർഗ്ഗമായി ഇവയെ ആശ്രയിക്കുകയും ചെയ്യുന്ന റിസോർട്ടുകൾ, ഹോംസ്റ്റേ, ഹോം ഹെറിറ്റേജ്, ഫ്ലാറ്റ് എന്നിവയ്ക്ക് റോഡ് സൗകര്യം മാനദണ്ഡമാക്കി നികുതിയിൽ കുറവ് നല്കാതെ ജലഗതാഗതം കൂടി മാനദണ്ഡമാക്കി നികുതി പരിഷ്ക്കരിക്കുന്നത് ഉചിതമായിരിക്കും. സമാന വിഷയം മറ്റു ജില്ലകളിലും പ്രധാനമായും ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് കാണാവുന്നതാണ്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-7 തൊഴിൽ നികുതി, സ്ഥാപന നികുതി --ഈടാക്കിയില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന നികുതി,ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്തിട്ടില്ല.

ക്ഷീരോല്പാദക സഹകരണസംഘം, മങ്കൊമ്പ്, A 198 (D)

മഠത്തിൽ ഫിനാൻസ്

മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്.

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഡിമാന്റ് ചെയ്യാത്തത് സെക്ഷൻ ക്ലർക്ക്, എച്ച്.സി എന്നിവരുടെ ബാധ്യതയാണ്. അടിയന്തിരമായി നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-8 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്--നഷ്ടം-300/-

വെറ്ററിനറി പോളിക്ലിനിക്, മങ്കൊമ്പിലെ പി.റ്റി.എസ്.ശ്രീമതി.പുഷ്പവല്ലിയുടെ അർദ്ധവാർഷിക വരുമാന പത്രിക പ്രകാരം ആകെ വരുമാനം 67253/-രൂപയാണ്. രണ്ട് അർദ്ധ വർഷവും തൊഴിൽ നികുതി 600/- രൂപ ഈടാക്കേണ്ടതിന് പകരം 450/- രൂപ ക്രമത്തിലാണ് ഈടാക്കിയിട്ടുള്ളത്. കുറവ് തുക 300/- (1200-900) രൂപ ഈടാക്കേണ്ടതാണ്.

## 2-9 ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

താഴെ പറയുന്ന സ്ഥാപനങ്ങൾ ഓഡിറ്റ് വർഷത്തിൽ ഡി &ഒ ലൈസൻസ് എടുത്തിട്ടില്ല.

1.എം.കെ.സലിം കുമാർ, മാത്തംപറമ്പിൽ-സോമിൽ.

2.റെജി തോമസ്, പുത്തൻതറ-തടി വർക്ക്ഷോപ്പ്.

ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന്

വനം വകുപ്പിന്റെയും മലിനികരണ നിയന്ത്രണ ബോർഡിന്റെയും എൻ.ഒ.സി ഇല്ലത്തതിനാലാണ്

ലൈസൻസ് നൽകാതിരുന്നത് എന്നാണ് പഞ്ചായത്തിൽ നിന്ന് ലഭ്യമായ മറുപടി. കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ-232(1)പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ആയതിനാൽ ചട്ടം ലംഘിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുകയോ അല്ലാത്ത പക്ഷം നിയമാനുസൃതമായി പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം -ഉപേക്ഷിച്ചു- സ്ട്രക്ചറൽ ഡിസൈനിംഗിന് ചെലവഴിച്ച 57500/- രൂപ നഷ്ടം

പ്രോജക്ട് നമ്പർ - എസ് 129/17/17

ചെലവ് - ചെക്ക് നം. 10126045 തീയതി 10.03.17 രൂപ 57500/-

മെച്ചപ്പെട്ട സൗകര്യങ്ങളോടെയുള്ള ഓഫീസ് കെട്ടിടം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചമ്പക്കുളം ബ്ലോക്ക് പരിസരത്തുള്ള വസ്തുവിൽ നിർമ്മിക്കുന്നതിനായി 2495213 രൂപ വകയിരുത്തി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം ഒന്നാം ഘട്ടം എന്ന പേരിൽ പ്രോജക്ട് രൂപീകരിച്ചിരുന്നു.(പ്രോജക്ട് നമ്പർ - S0087/17) ടി കെട്ടിടം നിർമ്മിക്കേണ്ട മണ്ണിന്റെ ഉറപ്പും ഘടനയും പരിശോധിക്കുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിരുന്നു. ടി ഏജൻസി ആവശ്യപ്പെട്ടതനുസരിച്ച് മണ്ണ് പരിശോധനയ്ക്കായി 168130/- രൂപ

പ്രതിഫലമായി നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ 15.02.17 - ലെ 5/12-13/ എ.ഇ നമ്പർ കത്ത് പ്രകാരം ടി കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി നല്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് സ്ട്രക്ചറൽ ഡിസൈനിംഗിനായി 57500/-രൂപ മുൻകൂറായി നൽകുവാൻ സ്ഥാപനം ആവശ്യപ്പെടുകയും 10.03.17 - ൽ 57500/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

ഇതിനു ശേഷമാണ് മണ്ണുപരിശോധന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ടി നിർമ്മാണം നടത്താൻ 46 മീറ്റർ ആഴത്തിൽ 15 പൈലുകൾ അടിക്കണമെന്നും ഇതിന് മാത്രം 44 ലക്ഷം രൂപയിലധികം ചെലവു വരുമെന്നും കണക്കാക്കി അറിയിച്ചിട്ടുണ്ട്. ഇത്രയും തുക ചെലവഴിക്കാനുള്ള സാമ്പത്തികശേഷി പഞ്ചായത്തിനില്ലാത്തതും കെട്ടിട നിർമ്മാണം വൻ സാമ്പത്തിക ബാധ്യത വരുത്തുമെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനാലും ടി പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചു (25-03-17 ലെ 1-ാം നമ്പർ തീരുമാനം).

പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിച്ച സൈറ്റിൽ സ്ഥിതി ചെയ്യുന്ന കെട്ടിടം മണ്ണിലേക്ക് ഇടിഞ്ഞു താഴ്ന്നു കൊണ്ടിരിക്കുന്നതിനാൽ വിശദമായ സാങ്കേതിക സഹായത്തോടെ മാത്രമേ ഈ സൈറ്റിൽ പ്രവൃത്തി ചെയ്യാൻ സാധിക്കുകയുള്ളുവെന്നും വകയിരുത്തിയ തുക നഷ്ടപ്പെടാതിരിക്കുന്നതിനും വേണ്ടിയാണ് സ്ട്രക്ചറൽ ഡിസൈനിംഗിന് എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയതെന്നുമാണ് ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി. കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിച്ച സൈറ്റിൽ സ്ഥിതി ചെയ്യുന്ന കെട്ടിടം മണ്ണിലേക്ക് ഇടിഞ്ഞു താഴ്ന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കെട്ടിടം നിർമ്മിക്കാനുള്ള സൈറ്റും നിർമ്മാണച്ചെലവും അനുയോജ്യമാണോയെന്ന് ഉറപ്പു വരുത്താതെ മണ്ണു പരിശോധന റിപ്പോർട്ടു ലഭിക്കാതെ സ്ട്രക്ചറൽ ഡിസൈനിംഗിന് ആദ്യമേ തുക നൽകിയതിനാൽ കെട്ടിടം നിർമ്മാണം ഉപേക്ഷിച്ചതു വഴി ആയത് നഷ്ടമാകാനിടയായി. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. .

## 3-2 പശ്ചാത്തല മേഖലയിൽ പ്രോജക്ടുകളുടെ ചെലവ് 9.87% മാത്രം

ഉല്പാദന /പശ്ചാത്തല മേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്നതിന് 90 പ്രോജക്ടുകൾക്ക് അംഗീകാരം തൻവർഷം വാങ്ങിയിട്ടുണ്ട്. ഇതിനായി വിവിധ ഫണ്ടുകളിൽ നിന്നായി 1.23 കോടി രൂപ വകയിരുത്തിയിരുന്നു. 78 പ്രോജക്ടുകളുടെ നിർവ്വഹണത്തിന് കരാർ വെച്ചിട്ടുണ്ടെങ്കിലും 41പ്രോജക്ടുകൾ മാത്രമാണ് പൂർത്തിയാക്കി ഫൈനൽ ബില്ലുകൾ നൽകിയിട്ടുള്ളത്. ഇതിൽ 18പ്രോജക്ടുകളുടെ ബില്ലുകൾ മാത്രമാണ് ട്രഷറിയിൽ നിന്നും പിൻവലിക്കാനായത്. 18പ്രോജക്ടുകൾക്കായി ചെലവഴിച്ചത് 12.11 ലക്ഷം രൂപ മാത്രം. അതായത് വകയിരുത്തിയ തുകയുടെ 9.87%.

പശ്ചാത്തലമേഖലയിൽ ക്രമീകരിച്ചിരുന്ന ഭൂരിഭാഗം പ്രവൃത്തികളിലും ഗ്രാവൽ ഉൾപ്പെട്ടിട്ടുള്ളതും ഗ്രാവലിന്റെ നിരക്ക് വളരെ കുറവായതിനാൽ എസ്റ്റിമേറ്റുകൾ അനുസരിച്ച പ്രവൃത്തി ചെയ്യുവാൻ ഗുണഭോക്തൃസമിതി കൺവീനർമാർ തയ്യാറാകാതിരുന്നതുമാണ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി തുക ചെലവഴിക്കാൻ സാധിക്കാതെ വന്നതെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട മറ്റു പഞ്ചായത്തുകളിൽ ഗുണഭോക്തൃസമിതി മുഖേനേ സമാന പ്രവർത്തികൾ നിർവ്വഹണം നടത്തിയിട്ടുള്ളത് MORD സ്പെസിഫിക്കേഷനിലുള്ള നിരക്കിൽ തന്നെയാണ്. ഇതേ നിരക്കിൽ ഗ്രാമപഞ്ചായത്തിൽ തന്നെ 41 പ്രവൃത്തികൾ നിർവ്വഹണം നടത്തിയിട്ടുള്ളതും ശ്രദ്ധേയമാണ്.

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി ബിൽ മാറാതിരുന്നതിനാൽ ഏകദേശം 1.11കോടി രൂപയാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്യേണ്ട പ്രോജക്ടുകൾക്ക മാത്രമായി നഷ്ടപ്പെടാനിടയായത്. വരുമാനം വളരെ കുറഞ്ഞ ഗ്രാമപഞ്ചായത്തിന് ഇത്തരത്തിൽ ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത് ഗുരുതരമായ വീഴ്ചയാണ്.

## 3-3 നെൽവിത്ത് വിതരണം- പാടശേഖരസമിതികൾക്ക് അർഹമായതിലും അധികം നൽകി

നിർവ്വഹണം - കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ - S0026/17

ചെലവ് - ബിൽ നം.0330174 തീയതി 25.02.17 രൂപ 957028/-

ബിൽ നം.0330181 തീയതി 10-03-17 രൂപ 42572/-

ഒരു ഹെക്ടറിന് 100 കി.ഗ്രാം വീതം അത്യുൽപ്പാദന ശേഷിയുള്ള വിത്ത് നൽകുന്നതിന് വികസനഫണ്ടിൽ നിന്നും 6.0913/കി.ഗ്രം നിരക്കിൽ തുക അനുവദിക്കുന്നതിന് ടി പ്രോജക്ട് ലക്ഷ്യമിടുന്നു. വിത്ത് വിതരണ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന പാടശേഖര സമിതികളുടെ കൃഷി സ്ഥലത്തിന്റെ വിസ്തീർണത്തിന് ആനുപാതികമായി നെൽ വിത്ത് വിതരണം ചെയ്യുന്നതിന് പകരം കൂടുതലായി നെൽവിത്ത് നൽകിയിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| പാടശേഖരം | കൃഷി സ്ഥലത്തിന്റെ വിസ്തീർണം (ഹെക്ടർ) | അനുവദിച്ചത് | അനുവദനീയം (100കി.ഗ്രാം /ഹെക്ടർ) | അധികം (കി.ഗ്രാം) |
|---|---|---|---|---|
| പുല്ലങ്ങടി | 12 | 1290 | 1200 | 90 |
| വേഴക്കുഴിമുക്കം | 11 | 1140 | 1100 | 40 |
| നാട്ടയം | 94 | 9600 | 9400 | 200 |
| കട്ടക്കുഴി | 3.7 | 420 | 370 | 50 |
| ഉന്തംവെളി | 28.28 | 2850 | 2828 | 12 |
| ചിറക്കുപുരം | 29.90 | 3240 | 2990 | 250 |
| ചെറുകോട്ട് മുന്നൂറ് | 9 | 960 | 900 | 60 |
| മണിമലക്കാട് | 9 | 1080 | 900 | 180 |
| കുളംപള്ളി | 50 | 5100 | 5000 | 100 |
| ആകെ | | | | 982 |

പാടശേഖര സമിതികൾക്ക് കൂടുതലായി വേണ്ടി വരുന്ന വിത്തിന് കൃഷി ഭവൻ മുഖേനേ യാതൊരു ആനുകൂല്യവും നൽകാറില്ല എന്ന മറുപടിയാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയിട്ടുള്ളത്. മേല്പറഞ്ഞ വിധം അധികരിച്ച അളവിൽ നെൽവിത്ത് നൽകിയതിന് വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 5982/-രൂപ (982x6.0913) നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 പച്ചക്കറി കൃഷി (വനിത) - കൂലിച്ചെലവ് സബ്സിഡി അർഹമായതിലും അധികം നൽകി

നിർവ്വഹണം - കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ - S0030/17

ചെലവ് - ബിൽ നം.0330118 തീയതി 29-03-17 രൂപ55500/-

കുറഞ്ഞത് 15 സെന്റ് സ്ഥലത്ത് സ്വന്തമായോ, പാട്ടത്തിനോ കൃഷി ചെയ്യാൻ തയ്യാറായിട്ടുള്ളവർക്ക് വിത്ത്, ജൈവ രാസവളം എന്നിവ വിതരണം ചെയ്യുന്നതിനും കൂലിച്ചെലവ് സബ്സിഡി കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. കൂലിച്ചെലവ് സബ്സിഡി ഓരോ ഗുണഭോക്താവിനും 600/- രൂപ വീതം അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 4/2016 ത.സ്വ.ഭ.വ തീയതി 11-01-16 പ്രകാരം പച്ചക്കറി കൃഷിക്കുള്ള കൂലിച്ചെലവ് സബ്സിഡി ഒരു ഹെക്ടറിന് അനുവദനീയമായത് 10000/- രൂപയാണ്. അതായത് ഒരു സെന്റിന് 40/- രൂപ. കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി കുറവാണെങ്കിൽ വിസ്തീർണത്തിന് ആനുപാതിക മായി തുക നൽകാമെന്നും ടി ഉത്തരവിൽ വ്യക്തമാക്കുന്നു. ആനുകൂല്യം ലഭിച്ച താഴെപ്പറയുന്നവരുടെ അപേക്ഷ പരിശോധിച്ചതിൽ കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണത്തിന് ആനുപാതികമായി തുക നൽകുന്നതിന് പകരം കൂടുതലായി തുക നൽകി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഗുണഭോക്താവ് | കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തീർണം | അർഹമായ തുക | അധികം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | (സെന്റ്) | | | |
| സിന്ധു ഗോപിദാസ് | 12.5 | 500 | 100 | |
| ലിസമ്മ തോമസ് | 5 | 200 | 400 | |
| ഇന്ദിര സജികുമാർ | 6 | 240 | 360 | |
| മറിയാമ്മ തോമസ് | 6 | 240 | 360 | |
| സന്തോഷ് കുമാരി ബാബു | 5 | 200 | 400 | |
| സോഫിയാമ്മ എബ്രഹാം | 6 | 240 | 360 | |
| പോൾ.പി.എം | 5 | 200 | 400 | |
| ഓമന വാസു | 5 | 200 | 400 | |
| സതിയമ്മ .പി | 7.5 | 300 | 300 | അപേക്ഷയൊടൊപ്പം സമർപ്പിച്ച കരം തീർത്ത രസീത് പ്രകാരമുള്ളത് |
| ലക്ഷ്മിക്കുട്ടിയമ്മ | 5 | 200 | 400 | അപേക്ഷയൊടൊപ്പം സമർപ്പിച്ച കരം തീർത്ത രസീത് പ്രകാരമുള്ളത് |
| ശ്രീദേവി.ജി | 10 | 400 | 200 | അപേക്ഷയൊടൊപ്പം സമർപ്പിച്ച കരം തീർത്ത രസീത് പ്രകാരമുള്ളത് |
| ആകെ | | | 3680 | |

ഗുണഭോക്താക്കൾ എല്ലാവരും സ്വന്ത സ്ഥലവും പാട്ടത്തിനുള്ള സ്ഥലവും കൂടി 15 സെന്റ് സ്ഥലത്ത് കൃഷി ചെയ്തിട്ടുള്ളതാണെന്നും ബന്ധപ്പെട്ട അപേക്ഷയും കരം അടച്ച രസീതും വിശദീകരണവും ഹാജരാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയിട്ടുള്ളത്. എന്നാൽ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണവും ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം നൽകിയിട്ടുള്ള കരം തീർത്ത രസീതു പ്രകാരമുള്ള സ്ഥലവിസ്തീർണ്ണവും മേൽപ്പറഞ്ഞതു മാത്രമായതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ 3680/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 നൽകിയ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല

2016-17 വർഷം പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്കും ഹോമിയോ ആശുപത്രിയിലേക്കും ആവശ്യമായ മരുന്ന് വാങ്ങുന്നതിന് യഥാക്രമം KMSCL നും HOMCO യ്ക്കും മുൻകൂറായി തുക നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് | നൽകിയ തുക | തുക കൈപ്പറ്റിയ സ്ഥാപനം | ലഭിച്ച മരുന്നിന്റെ വില | ബാക്കി |
|---|---|---|---|---|
| സാന്ത്വന പരിചരണപരിപാടി | 50000/-<br>(DDNo 277936 /08-02-17)<br>5000/- (ബിൽ നം 4/25-02-17)<br>ആകെ - 55000/- | KMSCL | 34905 | 20095 |
| ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 150000/-<br>(DDNo 887208 /20-12-16) | HOMCO | 72520 | 77480 |
| ആകെ | | | | 97575 |

മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ലാത്തതിനാൽ ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 97575/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ആശ്രയ പദ്ധതി ഫലപ്രദമാകുന്നില്ല

ആശ്രയ പദ്ധതി (S0014/17) ൽ ഉൾപ്പെടുത്തി 1,00,000/- രൂപ ബിൽ നം.25/16-17 തീയതി 17.3.17 പ്രകാരം സി.ഡി.എസ്.അക്കൗണ്ടിൽ നല്കിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ (2014-15, 15-16) നല്കിയ വികസനഫണ്ട് തുക ഉൾപ്പെടെയുള്ള 3,50,000/- രൂപയിൽ, 1,02,900/- രൂപ മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. ചലഞ്ച് ഫണ്ട് ഉൾപ്പെടെ ആശ്രയ അക്കൗണ്ടിൽ 3/17 ൽ 6,87,342 /- രൂപ ശേഷിക്കുന്നു. ഗുണഭോക്താക്കളുടെ പേരിൽ സ്ഥലം,വീട് എന്നിവ ഇല്ലാത്തതിനാൽ പല ആവശ്യങ്ങൾക്കും തുക ചെലവഴിക്കാൻ സാങ്കേതികമായി ബുദ്ധിമുട്ട് നേരിടുന്നു എന്നും തുക പൂർണ്ണമായി ചെലവഴിക്കുന്നതിൽ നടപടി സ്വീകരിക്കുന്നതാണ് എന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി ലഭ്യമാക്കി. നിലവിൽ 18 പേർക്ക് സ്ഥലം, വീട് എന്നീ ആവശ്യങ്ങൾ സാധ്യമാകേണ്ടതുള്ളതിനാൽ കൂടുതൽ ഫണ്ട് വകയിരുത്തിയും സ്പോൺസർഷിപ്പിലൂടെയും അടിസ്ഥാന ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ മുൻകൈ എടുക്കാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 പൈപ്പ് ലൈൻ നീട്ടൽ പദ്ധതി--വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുന്നത്തേരി പട്ടികജാതി കുടുംബങ്ങൾക്ക് പൈപ്പ് ലൈൻ നീട്ടൽ പദ്ധതിയിൽ 1,73,727/- രൂപ ബിൽ നം.6/16-17 dt.27.9.16 പ്രകാരം വാട്ടർ അതോറിറ്റി, തിരുവല്ലയിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കിയതായി മറുപടി ലഭ്യമാക്കിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1,73,727/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 വി.ഇ.ഒ യുടെ അക്കൗണ്ടിൽ 24397/-രൂപ ശേഷിക്കുന്നു

16-17 ലെ പദ്ധതികളുടെ വികസനഫണ്ട് വിഹിതം വിവിധ ബില്ല് പ്രകാരം പിൻവലിച്ച് നിക്ഷേപിക്കുന്ന വി.ഇ.ഒ യുടെ എസ്.ബി.റ്റി.അക്കൗണ്ടിൽ (അക്കൗണ്ട് നം.67010004518) നിലവിലും 24397/-രൂപ ബാലൻസ് നില്ക്കുന്നു. ഇതിൽ 10366/- രൂപ വർഷങ്ങളായുള്ള പലിശ ഇനത്തിലെ തുകയയാണ്. ബാക്കി 14031/- രൂപ ഏത് ഇനത്തിലെ തുകയാണെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ്-ഓർഡിനറി ബൾബുകളുടെ പേരിൽ അധികതുക നൽകുന്നു

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ് (കൺസ്യൂമർ നം-998,999,16634,16635,16636) ഇനത്തിൽ ഓഡിറ്റ് വർഷത്തിൽ പ്രതിമാസം 64397/-രൂപ വീതം തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് വൈദ്യുതി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ട്. വൈദ്യുതി ബോർഡിൽ നിന്നും ഹാജരാക്കിയിട്ടുള്ള പത്രിക പ്രകാരം കൺസ്യൂമർ നം-998 ബില്ല് ചെയ്യുന്ന മീറ്ററില്ലാത്ത തെരുവ് വിളക്കുകളുടെ

എണ്ണവും വൈദ്യുതി നിരക്കും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | വാട്ട്സ് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | ഓർഡിനറി ലാമ്പ് | 60 w | 204 | 94 | 19176 |
| 2 | ഡബിൾ ട്യൂബ് | 40 w | 63 | 124 | 7812 |
| 3 | സിഗിംൾ ട്യൂബ് | 10 w | 10 | 61 | 610 |
| 4 | സി.എഫ്.എൽ | 11 w | 264 | 14 | 3696 |
| 5 | സോഡിയം വേപ്പർ | 250 w | 14 | 414 | 5796 |
| 6 | സോഡിയം വേപ്പർ | 150 w | 20 | 247 | 4940 |

ഈ പട്ടിക പ്രകാരം നിലവിൽ പ്രവർത്തിക്കുന്ന തെരുവ് വിളക്കുകളിൽ 60 വാട്ട്സിന്റെ 204 ഓർഡിനറി ബൾബുകളാണെന്ന് കണക്കാക്കിയാണ് വൈദ്യുതി ചാർജ്ജ് നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള തെരുവു വിളക്കുകളുടെ വാർഡ് തലത്തിലുള്ള രജിസ്റ്റർ പ്രകാരം നിലവിൽ 60 വാട്ട്സിന്റെ 28സാധാരണ ബൾബുകളാണുള്ളത്. അപ്രകാരം കണക്കാക്കുമ്പോൾ 176 ഓർഡിനറി ബൾബുകളുടെ കറന്റ് ചാർജ്ജ് അധികമായാണ് ഒടുക്കി വരുന്നത്. അതായത്, 16544/- (176 x 94) രൂപ. പ്രതിവർഷം 198528/- രൂപ അധികമായി പഞ്ചായത്തിന് ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നു, ടി തുക തുടർന്നുള്ള വർഷങ്ങളിലെ കറന്റ് ചാർജ്ജിൽ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

നിലവിൽ ഉയർന്ന വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ മാറ്റി തീരെ കുറഞ്ഞ വൈദ്യുത ഉപഭോഗമുള്ള LED / CFL ഉപയോഗിച്ചാൽ ചാർജ്ജ് നിലവിലുള്ളതിന്റെ ഭൂരിഭാഗവും ലാഭിക്കുവാൻ കഴിയുന്നതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധന

#### 1.റസീപ്റ്റ് & പേമെന്റ് അക്കൗണ്ട്

| | |
|---|---|
| മുന്നിരിപ്പ് | 5704127 |
| വരവ് | 27237613 |
| ആകെ | 32941740 |
| ചെലവ് | 27551037 |
| നീക്കിയിരിപ്പ് | 5390703 |

**അപാകതകൾ**

1. തൻ വർഷം ലഭിച്ച എല്ലാ തുകകളും കൊടുത്ത എല്ലാ തുകയും റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയില്ല.

a.DFT മുഖാന്തിരം സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്ത തുക, തൊഴിലുറപ്പ് പദ്ധതികൾക്കായി EFMS മുഖാന്തിരം ചെലവഴിച്ച തുക റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിൽ ചേർത്തിട്ടില്ല.

b.തൊഴിലുറപ്പ് പദ്ധതിയിൽ സ്കീം ഫണ്ടിനത്തിൽ 1012272 /- രൂപയും പലിശയിനത്തിൽ 2949/-രൂപയും ഉൾപ്പെടെ 1015221/- രൂപ വരവുണ്ടെങ്കിലും റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിൽ 914560/- രൂപ മാത്രമേ ചേർത്തിട്ടുള്ളൂ.

c.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം ICDS നുള്ള കേന്ദ്ര വിഹിതം 319554/- രൂപയാണ് വരവുള്ളത്.

എന്നാൽ R&P അക്കൗണ്ടിൽ കാണിച്ചിരിക്കുന്നത് 440108/- രൂപയാണ്.

2. തൻവർഷത്തെ R&P അക്കൗണ്ടിൽ കുടിശ്ശിക പേമെന്റും തൻവർഷ പേമെന്റും ഇനം തിരിച്ച് പറഞ്ഞിട്ടില്ലാത്തതിനാൽ മുൻ വർഷം കൊടുക്കാനുള്ളതായി പറഞ്ഞിരിക്കുന്ന തുക കൊടുത്തോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.
3. ട്രഷറിയിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥർ വ്യക്തിഗത ഗുണഭോക്താക്കൾക്കായി മാറുന്ന അലോട്ട്മെന്റുകൾ ഗുണഭോക്താക്കൾക്ക് നൽകാനായി ആരംഭിച്ച അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള പലിശ റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിൽ ചേർത്തിട്ടില്ല.
4. 4RP 43 -ൽ വസ്തു നികുതിയിനത്തിലുള്ള കളക്ഷനായി കാണിച്ചിരിക്കുന്നത് 2329520 ഉം മുൻകൂറായി 9450/- രൂപ ലഭിച്ചതായി RP-36 ലും കാണിച്ചിട്ടുണ്ട്. എന്നാൽ ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ ആകെ വരവായി കാണിച്ചിരിക്കുന്നത് 2327159 ആണ്.

## ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| ആദായം | 66495672 |
| ചെലവ് | 68867624 |
| | 2371952 |
| (-) മുൻവർഷത്തെ ചെലവ് | 131419 |
| ഡെഫിസിറ്റ് | 2240533 |

## അപാകതകൾ

1.തനത് വരുമാനങ്ങളുടെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഡിമാന്റല്ല ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റിലെ I – 1 ൽ കാണിച്ചിരിക്കുന്നത് . വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | I–1ൽ കാണിച്ചിരിക്കുന്ന തുക | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|
| വസ്തു നികുതി | 3333391 | 4089726 |
| തൊഴിൽ നികുതി | 2198170 | 2005820 |
| ഡി &ഒ | 156220 | 75860 |
| കടത്ത് | 32300 | 4000 |
| മറ്റു യൂസർചാർജ്ജ് | 120355 | 76305 |

2.തൊഴിലുറപ്പ് പദ്ധതികൾക്കായി EFMS മുഖാന്തിരം ചെലവഴിച്ചതായി എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റിലെ I–6ൽ കാണിച്ചിരിക്കുന്നത് 15494342/- ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം യഥാർത്ഥത്തിൽ ചെലവഴിച്ച തുക 21504488/- ആണ്. വ്യത്യാസം 6010146/-

3.എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റിലെ I – 6ൽ വരൾച്ച ദുരിതാശ്വാസം ഇനത്തിൽ കാണിച്ചിരിക്കുന്നത് 50000/- ആണ്. എന്നാൽ യഥാർത്ഥ വരവ് 86280/- വ്യത്യാസം 36280/-

## ബാലൻസ് ഷീറ്റ്

ബാലൻസ് ഷീറ്റ് 15 – ൽ പിരിഞ്ഞ് കിട്ടാനുള്ള തുകയായി കാണിച്ചിരിക്കുന്ന തുക ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പില്ല.വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | B-15ൽ കാണിച്ചിരിക്കുന്ന തുക | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക |
|---|---|---|
| വസ്തു നികുതി | 3809627 | 1762567 |
| തൊഴിൽ നികുതി | 188600 | ഇല്ല |
| ഡി &ഒ | 75860 | ഇല്ല |

1.തൻവർഷത്തെ R&P അക്കൗണ്ടിൽ വസ്തു നികുതിയിനത്തിൽ മുൻകൂറായി 9450/- രൂപ ലഭിച്ചതായി RP-36 ൽ കാണിച്ചിട്ടുണ്ട്. എന്നാൽ ടി തുക ബാധ്യതയായി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടില്ല. മുൻകൂർ ലഭിച്ചത് ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.ബാലൻസ് ഷീറ്റിൽ (B-9) ബാധ്യതയായി താഴെപ്പറയുന്ന ഇനങ്ങൾക്ക് കാണിച്ചിരുന്ന അത്രയും തുക അടുത്ത വർഷം ചെലവഴിച്ചിട്ടില്ല.

| ഇനം | B-9 ൽ കാണിച്ചിരിക്കുന്ന തുക | 2017-18 ലെ ബിൽ രജിസ്റ്റർ പ്രകാരം ചെലവഴിച്ച തുക | വ്യത്യാസം |
|---|---|---|---|
| Employees liability | 339875 | 342587 | 2712 |
| Pension contribution | 54372 | 53492 | 880 |
| Other recoveries | 14893 | ഇല്ല | 14893 |

3.യഥാർത്ഥ ബാധ്യതയല്ല ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്നത്

| ഇനം | ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന ബാധ്യത | യഥാർത്ഥ ബാധ്യത (അക്കൗണ്ടിലെ നീക്കിയിരിപ്പ്) |
|---|---|---|
| തൊഴിലുറപ്പ് പദ്ധതി | 920393 (B-4) | 33979 |
| സമ്പൂർണ്ണ ശുചിത്വം | 951468(B-4) | 426568 |
| എം.എൻ ലക്ഷം വീട് | ഇല്ല | 7058 |
| കുട്ടനാട് പാക്കേജ് | 71357 (B-7) | 254583 (കോൺട്രാക്ടേഴ്സ് റിടെൻഷൻ 96250 + പലിശ 158333) |
| സാക്ഷരത | ഇല്ല | 102156 |

4.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ 2010-11 വരെയുള്ളത് മാത്രമാണുള്ളത്. മുൻവർഷങ്ങളിൽ സൃഷ്ടിച്ച എല്ലാ ആസ്തികളുടേയും മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റിൽ യഥാർത്ഥത്തിൽ ആസ്തിയായി കാണിക്കേണ്ട തുകയല്ല താഴെപ്പറയുന്നവയ്ക്ക് കാണിച്ചിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | അക്കൗണ്ട്സ് പ്രകാരം ആസ്തിയായി കാണിക്കേണ്ട തുക | B-11ൽ കാണിച്ചിരിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|
| കെട്ടിടം | 178205 | 151040 | 2015-16 വർഷത്തിൽ മാത്രം രണ്ട് അങ്കണവാടി മെയിന്റനൻസ് ചെയ്യുന്നതിന് 14 ലക്ഷം ചെലവഴിച്ചിട്ടുണ്ട്. |
| റോഡ് & പാലം | 227409 | 254574 | മുൻ വർഷത്തെ തുക തന്നെയാണ് തൻവർഷവും കാണിച്ചിരിക്കുന്നത്.തൻ വർഷം 17 പ്രോജക്ടുകളി ലായി റോഡ് പ്രവൃത്തികൾക്ക് ലക്ഷങ്ങൾ ചെലവഴിച്ചിട്ടുണ്ടെങ്കിലും മൂല്യം ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല |
| തെരുവു വിളക്ക് | 338705 | 184610 | |
| യന്ത്രങ്ങൾ | 13709 | 8962 | |
| ഉപകരണങ്ങൾ | 118020 | 108414 | |
| മറ്റു ആസ്തി | 273232 | 193990 | |

5. ഗ്രാമപഞ്ചായത്തിന് സ്വന്തമായിട്ടുള്ള ഭൂമിയുടെ മൂല്യം, ടാർ ചെയ്ത റോഡിന്റെ മൂല്യം എന്നിവ കണക്കാക്കി ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ആസ്തി വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള നിർദ്ദേശം പാലിച്ചിട്ടില്ല.

7. ഡിപ്രിസിയേഷന്റെ ശതമാനം കൂടുതലായി ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്നു.വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | 2015-16 ലെ ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന ആസ്തിയുടെ മൂല്യം | ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന ഡിപ്രിസിയേഷൻ | ഡിപ്രിസിയേഷന്റെ ശതമാനം | ഡിപ്രിസിയേഷന്റെ ശതമാനം യഥാർത്ഥത്തിൽ വരേണ്ടത് |
|---|---|---|---|---|
| കെട്ടിടം | 4765528 | 151040 | 3.17 | 2 |
| ഉപകരണങ്ങൾ | 477343 | 108414 | 22.71 | 10 |
| ഫർണീച്ചർ | 1418312 | 479256 | 33.79 | 10 |

## 4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ):

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | പാലിയേറ്റീവ് കെയർ | 200000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | ടി | 96600 | സ്കോളർഷിപ്പ് | ഇല്ല | 96600 |
| ബ്ലോക്ക് പഞ്ചായത്ത് | ടി | 100000 | പോഷകാഹാരം | 100000 | ഇല്ല |
| ജില്ലാപഞ്ചായത്ത് | ടി | 96600 | സ്കോളർഷിപ്പ് | ഇല്ല | 96600 |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ

കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 173727 | 173727 | ഇല്ല |
| KSEB | തെരുവു വിളക്ക് മീറ്ററിംഗ് | 79750 | 79750 | ഇല്ല |

### 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

### 4-5. വായ്പ/വായ്പ തിരിച്ചടവ്

--ഇല്ല--

### 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

### 4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

### 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 27237613 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 27551037 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1551 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 67,162 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 271302 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 1251 | | ആഷ് ലി നായർ, സെക്രട്ടറി |
| 2-8 | 300 | | ആഷ് ലി നായർ, സെക്രട്ടറി |
| 3-1 | | 57500 | ബിന്ദുമോൾ.കെ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 5982 | ആനി മാത്യു, കൃഷി ഓഫീസർ |
| 3-4 | | 3680 | ആനി മാത്യു, കൃഷി ഓഫീസർ |
| ആകെ | 1551 | 67162 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 97575 | 20095/- ഡോ.ജയലക്ഷ്മി മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.<br>77480/- ഡോ.സ്മിത.എം നായർ-എം.ഒ.ഹോമിയോ |
| 3-7 | 173727 | ജോൺ.പി.ജോസഫ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 271302 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ആനി മാത്യൂ, കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് | പാലത്തറ ഹൗസ്, മങ്കൊമ്പ് തെക്കേക്കര പി.ഒ, ആലപ്പുഴ |
| ബിന്ദുമോൾ.കെ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD ചമ്പക്കുളം ഗ്രാമ പഞ്ചായത്ത് | നരിയിൽഹൗസ്, മണ്ണഞ്ചേരി പി.ഒ, ആലപ്പുഴ |
| ആഷ് ലി നായർ, സെക്രട്ടറി | സെക്രട്ടറി, ചമ്പക്കുളം ഗ്രാമപഞ്ചായത്ത് | ശ്രീവിലാസം, രാമങ്കരി പി.ഒ, ആലപ്പുഴ |
| ജോൺ.പി.ജോസഫ്, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി,വയലാർ ഗ്രാമപഞ്ചായത്ത് | പെരിയത്ത്, തത്തംപള്ളി പി.ഒ, ആലപ്പുഴ |
| സ്മിത. എം. സായർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | മണിമംഗലത്ത് നന്ദനം എം.ഒ വാർഡ്, ആലപ്പുഴ |
| ഡോ.ജയലക്ഷ്മി മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ചമ്പക്കുളം | ലഭ്യമാക്കിയില്ല |

## 4-9. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ജി.എ-5-1832/11/17.1.2002 |
| 1997-98 | എൽ.എഫ്.ജി.എ-5-1832/11/21.1.2002 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/19.1.2002 |
| 199-2000 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 |
| 2001-02 | എൽ.എഫ്.ജി.എ-5-1832/11/25.1.2002 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2003-04 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2004-05 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 |
| 2005-06 | എൽ.എഫ്.ജി.എ-5-1832/11/31.1.2002 |
| 2006-07 | എൽ.എഫ്.എ.ജി-5/1577/ 14/16.01.2014 |
| 2007-08 | എൽ.എഫ്.എ.ജി-5/1577/ 14/16.01.2014 |
| 2008-09 & 2010-11 | എൽ.എഫ്.എ.ജി-5/1577/ 13/16.5.2014 |
| 2011-12 | എൽ.എഫ്.എ.പി1/496/2014 / 04.07.14/05.09.14 |

| | |
|---|---|
| 2012-13 | എൽ.എഫ്.എ.പി 1/130/15/ 21.4.2015/08.06.15 |
| 2013-14 & 2014-15 | കെ.എസ്.എ-എ.എൽ.പി-പി1-1472/15/25.11.15 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി4/1523/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 11-09-2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചമ്പക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ

No. KSA-ALP/P4/1523/2016

Kerala State Audit Department,

District Audit Office, Alappuzha.

Date: 11-09-2017.

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chambakkulam Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Chambakkulam Gramapanchayat for the year 2016-17 except the observations in my audit report Part 4-1, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha